## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T2239 — 17.06.2014 ൽ മറുപടിക്ക്

**സർക്കാർ ഓഫീസുകളിൽ റിലയൻസിന്റെ ഇന്റർനെറ്റ് കണക്ഷൻ**

ചോദ്യം — മറുപടി

**പ്രൊഫ.സി.രവീന്ദ്രനാഥ്**
**ശ്രീ. ബി.സത്യൻ**
**ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)**
**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) സർക്കാർ ആപ്പീസുകളിലെ ഇന്റർനെറ്റ് കണക്ഷൻ റിലയൻസ് ജിയോ ഇൻഫോകോമിന്റെ ഒപ്റ്റിക്കൽ കേബിൾ വഴി സ്ഥാപിക്കാൻ റിലയൻസുമായി ധാരണയിലെത്തിയിട്ടുണ്ടോ; റിലയൻസിന്റെ എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ അംഗീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ഇല്ല.എന്നാൽ കേബിൾ റൂട്ടിൽ നിന്നും 2 കിലോ മീറ്ററിനകത്തുള്ള സർക്കാർ ഓഫീസുകൾക്ക് സൗജന്യമായി OFC കണക്ഷൻ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| ബി) സർക്കാർ ഓഫീസുകൾക്ക് പുറമെ, മറ്റേതെല്ലാം സ്ഥാപനങ്ങൾക്ക് കണക്ഷൻ നൽകാനാണ് റിലയൻസുമായി ധാരണയിലായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) കേബിൾ കടന്നുപോകുന്ന വഴിയുള്ള KSWAN നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററുകളിൽ 100 Mbps വീതവും ജില്ലാ ആസ്ഥാനങ്ങളിൽ 50 Mbps വീതവും ബ്ലോക്ക്/ താലൂക്ക് തലങ്ങളിൽ 10 Mbps വീതവും ബാൻഡ് വിഡ്ത്ത് ഡാറ്റാ കണക്ടിവിറ്റി റിലയൻസ് ഇൻഫോകോം ലഭ്യമാക്കുവാനും കേബിൾ കടന്നുപോകുന്ന റൂട്ടിലുള്ള സർക്കാർ/ എയിഡഡ് മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ്/ കമ്മ്യൂണിക്കേഷൻ ലഭ്യമാക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) റിലയൻസ് ജിയോ ഇൻഫോകോമിന്റെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സംസ്ഥാനത്തെങ്ങും സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്ന് വെളിപ്പെടുത്തുമോ; ഇതിനകം എത്ര കിലോ മീറ്റർ ദൂരത്തിൽ സ്ഥാപിക്കുവാൻ അനുമതി നൽകി ; | (സി) കേരള സംസ്ഥാനത്തിലെ 14 ജില്ലകളിലുള്ള 3306.26 കിലോ മീറ്റർ ദൂരത്തിൽ ഓപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുവാൻ അനുബന്ധമായി ചേർത്തിരിക്കുന്ന സർക്കാർ ഉത്തരവിലെ ഉപാധികളോടെ M/s.റിലയൻസ് ജിയോ ഇൻഫോകോമിന് "Right of Way" അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | റിലയൻസ് ഇന്റർനെറ്റ് കണക്ഷൻ തേടുന്നതിനുള്ള നിരക്കുകൾ തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ടോ; | (ഡി) | കേബിൾ കടന്നുപോകുന്ന വഴിയിലുള്ള സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സൗജന്യമായി ബാന്റ് വിഡ്ത്ത് കണക്ഷൻ/ ഇന്റർനെറ്റ് കണക്ഷൻ/ OFC കണക്ഷൻ എന്നിവ റിലയൻസ് ഇൻഫോകോം ലഭ്യമാക്കണമെന്നാണ് വ്യവസ്ഥ. ഇതിൽ സർക്കാർ നിരക്ക് നിശ്ചയിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല. സ്വകാര്യ ടെലികോം ഓപ്പറേറ്റർമാരുടെ ഇന്റർനെറ്റ് കണക്ഷൻ നിരക്കുകൾ സംസ്ഥാന സർക്കാരല്ല നിശ്ചയിക്കുന്നത്. |
| (ഇ) | റിലയൻസ് കേബിൾ ശൃംഖല സംസ്ഥാനത്തെങ്ങും വരുന്ന മുറയ്ക്ക് സർക്കാർ ഓഫീസുകളിൽ നിലവിലുള്ള ബി.എസ്.എൻ.എൽ കണക്ഷനുകൾ ഇല്ലാതാക്കാനുദ്ദേശിക്കുന്നുണ്ടോ? | (ഇ) | എല്ലാ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും സർക്കാർ സംരംഭമായ KSWAN കണക്ടിവിറ്റി ലഭ്യമാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. റിലയൻസ് ഇൻഫോകോമിന് കേബിളിടുന്നതിന് "Right of Way" അനുമതി നൽകിയത് BSNL നെ ബാധിക്കുമെന്ന് സർക്കാർ കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**